**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4548** **19-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സ്കോളർഷിപ്പുകൾ കൃത്യമായി ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; ഇല്ലെങ്കിൽ അത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | **പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രീമെട്രിക് സ്കോളർഷിപ്പ്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ ഇ - ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അനുവദിച്ചു വരുന്നത്. ആയതിനാൽ തുക വിദ്യാർത്ഥിക്ക് ലഭ്യമായോ എന്ന് ഇ - ഗ്രാന്റ്സ് പോർട്ടൽ മുഖേന അറിയാനും ഉറപ്പുവരുത്താനും സാധിക്കുന്നതാണ്. പ്രൊജക്ട് ഓഫീസർമാർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന ലഭ്യമാകുന്ന മറ്റു സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷയിന്മേൽ തുകയുടെ ലഭ്യത അനുസരിച്ച് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നുണ്ട്. ആയത് വിദ്യാർത്ഥികൾക്ക് ലഭ്യമായെന്ന് പ്രൊജക്ട് ഓഫീസർമാർ / ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന ഉറപ്പുവരുത്തുന്നുമുണ്ട്.<br><br>**പട്ടികജാതി വികസന വകുപ്പ്**<br><br>ഇ - ഗ്രാന്റ്സ് പോർട്ടൽ മുഖേന അനുവദിച്ചു വരുന്ന സ്കോളർഷിപ്പുകൾ വിദ്യാർത്ഥിക്ക് ലഭ്യമായോ എന്ന് ഇ - ഗ്രാന്റ്സ് പോർട്ടൽ മുഖേന അറിയാനും ഉറപ്പുവരുത്താനും സാധിക്കുന്നതാണ്.<br><br>മറ്റു സ്കോളർഷിപ്പ് പദ്ധതികളും കൃത്യമായി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നുണ്ട്. |
| (സി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ തൃപ്പങ്ങോട്ടൂർ ഗ്രാമപ്പഞ്ചായത്തിൽ സിജിമോൾ കെ. (കല്ലിൽ ഹൗസ്, തെണ്ടപ്പറമ്പ, കല്ലിക്കണ്ടി പോസ്റ്റ്) 2015-16 | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിജിമോൾ കെ എന്ന വിദ്യാർത്ഥിയുടെ 2015-16 അധ്യയന വർഷത്തെ ഇ-ഗ്രാന്റ്സ് ലഭ്യമാകാത്തതു സംബന്ധിച്ച് സ്ഥാപന |

| | | | |
|---|---|---|---|
| | അധ്യായന വർഷത്തിൽ കണ്ണൂർ അഞ്ചരക്കണ്ടി കോളേജ് ഓഫ് ഫാർമസിയിലെ വിദ്യാർത്ഥിനിയായിരുന്ന സമയത്ത് ടിയാൾക്ക് ലഭിക്കേണ്ട ഇ-ഗ്രാന്റ്സ് ഇതുവരെ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | | മേധാവിയുടേയും വിദ്യാർത്ഥിയുടേയും അപേക്ഷ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിരുന്നു. സ്ഥാപനം യഥാസമയം ക്ലെയിം ചെയ്യാത്തതിനാലാണ് 2015-16 അധ്യയന വർഷത്തെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് പ്രസ്തുത വിദ്യാർത്ഥിക്ക് ലഭ്യമാകാതെ വന്നിട്ടുള്ളത്.<br><br>പ്രസ്തുത ക്ലെയിമുകൾ (ഇ-ഗ്രാന്റ്സ് പഴയ സൈറ്റ് പ്രകാരമുള്ള) മാന്വലായി ലഭ്യമാക്കുന്നതിനായി കണ്ണൂർ ജില്ലാ ഓഫീസുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപന മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ടിയാളുടെ അപേക്ഷയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിജിമോൾ കെ എന്ന വിദ്യാർത്ഥിയുടെ 2015-16 അധ്യയന വർഷത്തെ ഇ-ഗ്രാന്റ്സ് ലഭ്യമാകാത്തതു സംബന്ധിച്ച് സ്ഥാപന മേധാവിയുടേയും വിദ്യാർത്ഥിയുടേയും അപേക്ഷ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിരുന്നു. സ്ഥാപനം യഥാസമയം ക്ലെയിം ചെയ്യാത്തതിനാലാണ് 2015-16 അധ്യയന വർഷത്തെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് പ്രസ്തുത വിദ്യാർത്ഥിക്ക് ലഭ്യമാകാതെ വന്നിട്ടുള്ളത്.<br><br>പ്രസ്തുത ക്ലെയിമുകൾ (ഇ-ഗ്രാന്റ്സ് പഴയ സൈറ്റ് പ്രകാരമുള്ള) മാന്വലായി ലഭ്യമാക്കുന്നതിനായി കണ്ണൂർ ജില്ലാ ഓഫീസുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപന മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### പട്ടികവർഗ്ഗ വികസന വകുപ്പ്

1. പ്രീ മെട്രിക് സ്കോളർഷിപ്പ്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്
2. സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം
3. വിദേശ പഠനത്തിനുള്ള ധനസഹായം
4. അന്യ സംസ്ഥാന പഠനം
5. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള പ്രാരംഭ ചിലവുകൾക്ക് ധനസഹായം
6. ലാപ്ടോപ്പ് വിതരണം (തിരഞ്ഞെടുത്ത 32 കോഴ്സുകൾക്ക്)
7. സിവിൽ സർവ്വീസ് പരിശീലനം
8. മെഡിക്കൽ/എഞ്ചിനിയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം
9. കൊമേഴ്ഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിനുള്ള സ്കോളർഷിപ്പ്

### പട്ടികജാതി വികസന വകുപ്പ്

1. ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (ഹയർസെക്കന്ററി തലം മുതൽ)
2. സ്റ്റേറ്റ് പ്രീ മെട്രിക് സ്കോളർഷിപ്പ് (1-10 ക്ലാസ് വരെ)
3. സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് Component I (9,10 ക്ലാസുകളിലെ 2.5 ലക്ഷം വരെ വരുമാന പരിധിയിലുള്ള വിദ്യാർത്ഥികൾക്ക്)
4. സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് Component II (അനാരോഗ്യകരമായ ചുറ്റുപാടുകളിൽ ജോലി ചെയ്യുന്നവരുടെ മക്കൾക്ക് 1-10 ക്ലാസ് വരെ)
5. സ്പെഷ്യൽ ഇൻസെന്റീവ് (വിവിധ വാർഷിക പരീക്ഷകളിൽ ഉന്നതവിജയം നേടുന്ന വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ്)
6. ശ്രീ. അയ്യങ്കാളി ടാലെന്റ് സെർച്ച് സ്കോളർഷിപ്പ് (4, 7 ക്ലാസുകളിലെ പഠന പാഠ്യേതര വിഷയങ്ങളിൽ മിടുക്കരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്)
7. ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ് (സംസ്ഥാനത്തെ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളിൽ പഠിക്കുന്നത നായുള്ള സ്കോളർഷിപ്പ് )
8. വിങ്സ് (പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിനായുള്ള സ്കോളർഷിപ്പ്)
9. സൈനിക സ്കൂൾ സ്കോളർഷിപ്പ് (സൈനിക സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്)
10. ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള സ്കോളർഷിപ്പ് (സ.ഉ.(സാധാ)നം.190/2024 – SCST തീയതി 16.03.2024 ഉത്തരവിൽ പരാമർശിക്കുന്ന കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള സ്കോളർഷിപ്പ്)
11. മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിനുള്ള സഹായ പദ്ധതി
12. സ്റ്റഡി ടൂർ (ഹയർ സെക്കന്ററി തലം മുതലുള്ള വിദ്യാർത്ഥികൾക്ക് പഠനയാത്ര ക്കുള്ള സഹായം)